(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സർക്കാർ ആശുപത്രികൾക്കുണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ

*4 [3] *ശ്രീ. എ. കെ. മണി:*

„ *എ. സുജനപാൽ:*

„ *ജോർജ്ജ് ജെ. മാത്യു:*

„ *വി. ഡി. സതീശൻ:*

„ *ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്കുണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ സൗകര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുക്കാനുദ്ദേശിക്കുന്നു;

(സി) നോംസ് അനുസരിച്ചുള്ള ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, മറ്റു സ്റ്റാഫുകൾ തുടങ്ങിയവ ഇല്ലാത്ത എത്ര സർക്കാർ ആശുപത്രികളുണ്ട്;

(ഡി) സർക്കാർ ആശുപത്രികളിൽ ആവശ്യമായ മരുന്നുകളും ലബോറട്ടറി സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) അതിന് എന്തു ചെലവ് വേണ്ടിവരും?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) സ്ഥലം, കെട്ടിടം, ഫർണിച്ചർ, മെഡിക്കൽ, പാരാമെഡിക്കൽ സ്റ്റാഫുകൾ, മരുന്നുകൾ എന്നിവയാണ് ആശുപത്രിക്കുണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ. മെഡിക്കൽ കോളേജ് ആശുപത്രികളെ സംബന്ധിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ്, അത്യാഹിത വിഭാഗം, ആധുനിക ഉപകരണങ്ങൾ, കിടക്കകളും മറ്റു അനുബന്ധ ഉപകരണങ്ങളുമാണ് അടിസ്ഥാന സൗകര്യങ്ങൾ. ആശുപത്രികളുടെ നിലവാരം അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളിൽ വ്യത്യാസമുണ്ടാകും.

(ബി) വാർഷിക പദ്ധതിയിൽ വകയിരുത്തുന്ന തുക ഈ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി വിനിയോഗിക്കുന്നതിനു പുറമേ കേന്ദ്ര സർക്കാർ, മറ്റു ഏജൻസികൾ എന്നിവ വഴിയും ഫണ്ട് കണ്ടെത്തി ഉപയോഗപ്പെടുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 145 ആശുപത്രികളിൽ മാനദണ്ഡമനുസരിച്ചുള്ള സ്റ്റാഫിന്റെ എണ്ണത്തിൽ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ചുവരുന്നു.

(ഡി) & (ഇ) സർക്കാർ ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാണ്. ലബോറട്ടറി സൗകര്യം കൂടുതൽ ആശുപത്രികളിൽ ഏർപ്പെടുത്തി വരുന്നു.

ആശ്രയ പദ്ധതി

*5 [4] *ശ്രീ. മങ്കോട് രാധാകൃഷ്ണൻ :*

„ പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രയ പദ്ധതിയിലൂടെ നടപ്പാക്കുന്ന സഹായ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ആശ്രയ പദ്ധതി എത്ര പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ട്; ഇനി എത്ര പഞ്ചായത്തുകളിൽ കൂടി നടപ്പാക്കുവാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ: എങ്കിൽ എത്ര കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):*

(എ) അർഹതയുണ്ടെന്ന് കണ്ടെത്തി ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തിയ അഗതി കുടുംബങ്ങളുടെ പുനരധിവാസത്തിനായി ഓരോ കുടുംബവും നേരിടുന്ന പ്രശ്നങ്ങൾ അപഗ്രഥിച്ച് പ്രശ്നപരിഹാരത്തിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കുകയാണ് ഗ്രാമപഞ്ചായത്തുകൾ വഴി ആശ്രയ പദ്ധതിയിലൂടെ ചെയ്തുവരുന്നത്. അഗതി കുടുംബങ്ങളുടെ പ്രശ്നങ്ങളെ പൊതുവായി നാലായി തരം തിരിക്കുന്നു. അതിജീവനാവശ്യങ്ങൾ, അടിസ്ഥാന സൗകര്യാവശ്യങ്ങൾ, വികസന ആവശ്യങ്ങൾ, മാനസികാവശ്യങ്ങൾ എന്നിവയാണവ. ഈ ആവശ്യങ്ങളെ സംയോജിതമായി പരിഹരിക്കുന്നതിലേക്കായി പരിചരണ സേവനങ്ങളുടെ പാക്കേജ് ഓരോ കുടുംബത്തിനുവേണ്ടിയും നടപ്പാക്കുന്നു. ഭക്ഷണം, ആരോഗ്യസംരക്ഷണം, പെൻഷൻ, വിദ്യാഭ്യാസം, കിടപ്പാടം (ഭൂമി), വാസയോഗ്യമായ വീട്, കുടിവെള്ളം, സാനിട്ടേഷൻ സൗകര്യം, വൈദ്യുതീകരണം, സംരംഭകത്വ പരിശീലനം, വൈദഗ്ദ്ധ്യ പരിശീലനം, പുതിയ തൊഴിൽ അവസരങ്ങൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ തുടങ്ങി അഗതി കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയാണ് പരിചരണ സേവനങ്ങളുടെ പാക്കേജ് കൊണ്ട് ലക്ഷ്യമിടുന്നത്. 31-3-2004-ലെ ജി. ഒ. (എം. എസ്.) 40/2004 പ്ലാനിംഗ് പ്രകാരമാണ് പരിചരണ സേവനങ്ങളുടെ പാക്കേജ് ഏർപ്പെടുത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly